## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3597 — 14.03.2017 ൽ മറുപടിയ്ക്ക്

### തടവുകാർക്ക് മയക്കമരുന്നും മൊബൈൽ ഫോണും ലഭിക്കുന്നത് തടയാൻ നടപടി

| ചോദ്യം<br>ശ്രീ. പി.ടി. തോമസ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് മയക്ക് മരുന്നും മൊബൈൽ ഫോണും ലഭ്യമാകുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള എത്ര കേസുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (ബി) | ഇത്തരത്തിലുള്ള 26 കേസുകൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | തടവുകാർക്ക് ഇത് എങ്ങനെ ലഭിക്കുന്നു എന്നതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | (സി) | അന്വേഷണം നടത്തിയിട്ടുണ്ട്. കോടതികളിൽ പോയിവരുന്ന തടവുകാർ തങ്ങളുടെ രഹസ്യഭാഗങ്ങളിൽ ഒളിപ്പിച്ച് നിരോധിത വസ്തുക്കൾ ജയിലിനകത്തേയ്ക്ക് കടത്തുന്നത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | ഇവയുടെ ലഭ്യത തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | (ഡി) | പ്രതികൾ ജയിലിൽ അഡ്മിഷന് വരുന്ന സമയത്തും, കോടതികളിലും ആശുപത്രികളിലും കൊണ്ടുപോയി തിരികെ വരുന്ന സമയത്തും ഹാൻഡ് & ഡോർ ഫ്രെയിംമ്ഡ് മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് കർശനമായി ദേഹപരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ സന്ദർശകർ തടവുകാർക്ക് നിരോധിത വസ്തുക്കൾ കൈമാറുന്നത് തടയുന്നതിനായി ജയിലുകളിൽ സി.സി.ടി.വി. സംവിധാനവും നിലവിലുണ്ട്. സെല്ലുകൾ ലോക്കപ്പ് ചെയ്യുന്ന അവസരങ്ങളിൽ ഡ്യൂട്ടി ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. തടവുകാരുടെ സെല്ലുകളും ജയിൽ പരിസരവും സർപ്രൈസ് റെയ്ഡ് നടത്തിവരികയും ജയിലിന്റെ ചുറ്റുമതിലും പരിസരവും കർശനമായി നിരീക്ഷിക്കുകയും ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ